

പാലമേൽ ഗ്രാമപഞ്ചായത്ത്

നൂറനാട് പി. ഒ., ആലപ്പുഴ (ജില്ല)

വികസന രേഖയും
പഞ്ചവത്സര പദ്ധതി രേഖയും
2022 – 2027

ഭാഗം 1

പൊതുസ്ഥിതി

അദ്ധ്യായം 1

പൊതു വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	:	പാലമേൽ
ടെലഫോൺ നമ്പർ	:	0479 – 2386326
ഉൾപ്പെടുന്ന വിÃജ്	:	പാലമേൽ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	:	ഭരണിക്കാവ്
ബ്ലോക്ക് ഡിവിഷൻ	:	പാലമേൽ, നൂറനാട്
റവന്യു ജിÃ	:	ആലപ്പുഴ
ജിÃാ പഞ്ചായത്ത് ഡിവിഷൻ	:	നൂറനാട്
താലൂക്ക്	:	മാവേലിക്കര
അസംബ്ലി മണ്ഡലം	:	മാവേലിക്കര
ലോക്സഭാ മണ്ഡലം	:	മാവേലിക്കര
വിസ്തീർണ്ണം	:	25.60 ച: കീ. മീ.
വടക്ക്	:	പന്തളം ഗ്രാമപഞ്ചായത്ത്
തെക്ക്	:	പള്ളിക്കൽ, താമരക്കുളം പഞ്ചായത്തുകൾ
കിഴക്ക്	:	പള്ളിക്കൽ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:	നൂറനാട് ഗ്രാമപഞ്ചായത്ത്
ജനസംഖ്യ (2001 സെൻസസ് റിപ്പോർട്ട്)	:	31916
സ്ത്രീകൾ	:	16804
പുരുഷൻമാർ	:	15112
വാർഡുകളുടെ എണ്ണം	:	19
വീടുകളുടെ എണ്ണം	:	7715
പട്ടികജാതി കുടുംബങ്ങളുടെ എണ്ണം	:	964
പുരുഷൻമാർ	:	1858
സ്ത്രീകൾ	:	1998
ആകെ	:	3856

പഞ്ചായത്ത് പ്രദേശത്തെ പ്രധാന സ്ഥാപനങ്ങൾ

1.	പഞ്ചായത്ത് ആഫീസ്	19	നൂറനാട്
2.	കൃഷിഭവൻ	19	നൂറനാട്
3.	വില്ലേജ് ആഫീസ്	19	നൂറനാട്
4.	സബ് രജിസ്ട്രാർ ആഫീസ്	19	നൂറനാട്
5.	ഇലക്ട്രിക്കൽഅസി. എൻജീനിയർ ആഫീസ്	19	നൂറനാട്
6.	മൃഗാശുപത്രി	19	നൂറനാട്
7.	പോലീസ് സ്റ്റേഷൻ	19	നൂറനാട്
8.	ജില്ലാ സഹകരണ ബാങ്ക്, നൂറനാട്	19	നൂറനാട്
9.	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	1	നൂറനാട്
10.	ഇന്ത്യൻ ഓവർസിസ് ബാങ്ക്	6	കുടശ്ശനാട്
11.	പഞ്ചായത്ത് ഹോമിയോ ഡിസ്പൻസറി	4	മറ്റപ്പള്ളി
12.	പി. എച്ച് സെന്റർ	5	ഉളവുക്കാട്
13.	വി. ഇ. ഒ. ഓഫീസ്	19	നൂറനാട്
14.	ഇ. എസ്സ്. ഐ. ഡിസ്പൻസറി	17	ഫാക്ടറി
15.	കെ. എസ്. സി. ഡി. സി. കശുവണ്ടിഫാക്ടറി	17	ഫാക്ടറി
16.	നമ്പർ. 443 സഹകരണ ബാങ്ക്	6	കുടശ്ശനാട്
17.	നമ്പർ. 4013 സഹകരണ ബാങ്ക്	19	നൂറനാട്
18.	നമ്പർ. 4018 സഹകരണ ബാങ്ക്	19	നൂറനാട്
19.	നമ്പർ എ. 249 ഹൗസിംഗ് സഹകരണ സംഘം		
20.	എ. 649 പട്ടികജാതി സർവ്വീസ് സഹകരണ സംഘം	6	കുടശ്ശനാട്
21.	എ.(141) ഡി. അപ്പെക്സ്	6	കുടശ്ശനാട്
22.	എ.(14) ഡി. അപ്പെക്സ്		
23.	എ.(149) ഡി. അപ്പെക്സ്		
24.	എ.(142) ഡി. അപ്പെക്സ്		
25.	എ.(147) ഡി. അപ്പെക്സ്		
27.	ഹൗസിംഗ് സഹകരണ സംഘം		
28.	റബ്ബർ മാർക്കറ്റിംഗ് സംഘം		
29.	തപാലാപ്പീസ്	6	കുടശ്ശനാട്
30.	തപാലാപ്പീസ്	13	പയ്യനല്ലൂർ
31.	തപാലാപ്പീസ്	19	നൂറനാട്
32.	തപാലാപ്പീസ്	16	പണയിൽ
33.	ഗവ. എൽ. പി. എസ്സ്, പയ്യനല്ലൂർ	13	പയ്യനല്ലൂർ
34.	ഡബ്ല്യൂ. എൽ. പി. എസ്സ്, പയ്യനല്ലൂർ	13	പയ്യനല്ലൂർ
35.	ഗവ. എസ്. കെ. വി. എൽ. പി. എസ്സ്, പള്ളിക്കൽ	14	പള്ളിക്കൽ
36.	ഗവ. എൽ. പി. എസ്സ്, എരുമക്കുഴി	19	നൂറനാട്
37.	ഡബ്ല്യൂ. എൽ. പി. എസ്സ്, ഉളവുക്കാട്	5	ഉളവുക്കാട്
38.	ആർ. സി. വി. എൽ. പി. എസ്, ഉളവുക്കാട്	5	ഉളവുക്കാട്
39.	ഗവ. എൽ. പി. എസ്സ്, കുടശ്ശനാട്	6	കുടശ്ശനാട്
40.	ഗവ. എച്ച്. എസ്, പയ്യനല്ലൂർ	13	പയ്യനല്ലൂർ
41.	ഗവ. എച്ച്. എസ്. എസ്, കുടശ്ശനാട് തണ്ടാനവിള	6	കുടശ്ശനാട്
42.	സി. ബി. എം. എച്ച്. എസ്, നൂറനാട്	19	നൂറനാട്
43.	എൻ. എസ്. എസ്. എച്ച്. എസ്, കൂടശ്ശനാട്	6	കുടശ്ശനാട്
44.	പഞ്ചായത്ത് സാംസ്കാരികനിലയം (കുടശ്ശനാട്)		
45.	പഞ്ചായത്ത് സാംസ്കാരികനിലയം (ഉളവക്കാട്)		
46.	പഞ്ചായത്ത് സാംസ്കാരികനിലയം (പണയിൽ)		
47.	പഞ്ചായത്ത് ലൈബ്രറി നൂറനാട്		
48.	കവിതാ ലൈബ്രറി മാമൂട്		
49.	ജനതാ ഗ്രന്ഥശാല ആദിക്കാട്ടുകുളങ്ങര		
50.	അംഗനവാടികൾ 36 എണ്ണം		
51.	ജില്ലാ സഹകരണ ബാങ്ക് ആദിക്കാട്ടുകുളങ്ങര		
52.	സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്		
53.	ഫെഡറൽ ബാങ്ക്		
54.	സബ് ട്രഷറി, നൂറനാട്		
55.	എക്സൈസ് ആഫീസ് നൂറനാട്		
56.	അസി. എഞ്ചിനീയർ ആഫീസ് (എൽ.എസ്.ജി.ഡി സെക്ഷൻ)		

അദ്ധ്യായം 2

ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

ആലപ്പുഴ ജില്ലയുടെ കിഴക്ക് തെക്ക് ഭാഗത്തായി അക്ഷാംശം 90, 1 നും 90, 6 നും രേഖാംശം കിഴക്ക് 76, സ്ഥിതി ചെയ്യുന്നു. കാലാവസ്ഥാ അടിസ്ഥാനത്തിൽ ആർദ്രത കൂടിയ ഉഷ്ണ കാലാവസ്ഥയുള്ള തെക്കൻ ഇടദേശമെന്ന വിഭാഗത്തിലാണ് പാലമേൽ പഞ്ചായത്ത് പെടുന്നത്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം.

1. കുന്നിൻ പ്രദേശങ്ങൾ

2. ചരിവുകൾ

3. താഴ്വരകൾ

4. വെള്ളം കയറുന്ന പ്രദേശങ്ങൾ

5. നീർമറി പ്രദേശങ്ങൾ

പൊതുവെ ഭൂമിയുടെ ചരിവ് പടിഞ്ഞാറോട്ടാണ്. സമുദ്ര നിരപ്പിൽ നിന്നും ഉദ്ദേശം 50 മീ. ഉയരത്തിൽ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വടക്ക് ഭാഗത്തുള്ള തോടുകളിലെ ജലം കരിങ്ങാലിൽ പുഞ്ചയിലെത്തി അച്ചൻകോവിലാറിലേക്കും തെക്ക് ഭാഗങ്ങളിലെ തോടുകളിലെ ജലം തോട്ടുവാ തോട്ടിലേക്കും ഒഴുകുന്നു. കെ. ഐ. പി.യുടെ പ്രധാന കനാൽ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ, കുന്നുകളേയും, കുത്തനെയുള്ള ചരിവുകളെയും, ഇടുങ്ങിയ താഴ്വരകളെയും, കാണപ്പെടുന്നു. താഴ്വാരങ്ങൾ കൂടുതലും നീർമറി പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗങ്ങൾ വർഷം മുഴുവനും വെള്ളം കെട്ടി കിടക്കുന്ന പുഞ്ചാ പ്രദേശങ്ങളാണ്.

മണ്ണിന്റെ ഘടന:-

മുകൾ പരപ്പും മണ്ണും നിറഞ്ഞ ശരാശരി രണ്ടടി ഘനം വരുന്ന നീർവാർച്ചയുള്ള കൃഷിക്കനിയോജ്യമായ മണ്ണും, അതിനടിയിൽ വെട്ടുകല്ലും, കാട്ടുകല്ലുകളുമാണ്. ചില ഭാഗങ്ങളിൽ ചീക്കൽപാറകളും, കരിങ്കൽപാറകളും, കാട്ടുപാറകളും, കണ്ടുവരുന്നു. കൂടാതെ തിട്ടമണ്ണ്, മണൽ പ്രദേശങ്ങൾ, എക്കൽ മണ്ണ് എന്നിവയുംകണ്ടുവരുന്നു.

കലാവസ്ഥ:-

വർഷത്തിൽ പകുതി ഭാഗം മഴയും പകുതി ഭാഗം വേനലുമാണ്. മാർച്ച് മുതൽ മെയ് വരെ രൂക്ഷമായ കുടുവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പ്രധാനപ്പെട്ട കൃഷികൾ തെങ്ങും നെല്ലുമാണ് കൂടാതെ വാഴ, റബ്ബർ, കുരുമുളക്, വെറ്റിലക്കൊടി, പച്ചക്കറി, ഫലർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു.

കാലവർഷ കാറ്റ് സാധാരണയായി കുറവാണെങ്കിലും ചില കാലാവസ്ഥകളിൽ കാറ്റുണ്ടാകുകയും ഫലവൃഷാദികൾ നശിച്ചു പൊകാറുണ്ട്

അദ്ധ്യായം 3

ജനസംഖ്യ

സ്ത്രീകൾ	:	16804
പുരുഷൻമാർ	:	15112
ആകെ	:	7715

പട്ടികജാതി ജനസംഖ്യ

വീടുകൾ	:	964
പുരുഷൻമാർ	:	1858
സ്ത്രീകൾ	:	1998
ആകെ	:	3856

സാക്ഷരത

പുരുഷൻമാർ	:	12616
സ്ത്രീകൾ	:	13026

അദ്ധ്യായം 4

സാമൂഹിക-സാംസ്ക്കാരിക-സാമ്പത്തിക സ്ഥിതി

'പാലൈക്കും മേക്ക്' എന്നതാണ് 'പാലമേൽ' എന്ന നാമമായി മാറിയതെന്ന് സ്ഥലനാമ ചരിത്രശാരൻമാർ പറയുന്നു. ആലപ്പുഴ ജില്ലയുടെ തെക്കു കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന, ഓണാട്ടുകരയുടെ ഭാഗംകൂടിയായ ഈ പഞ്ചായത്ത് 25.60 കി.മീ വിസ്തീർണ്ണമുള്ളതും ചെറുതും വലുതുമായ 40-ൽപരം ചെറുകുന്നുകളും മലകളും നിറഞ്ഞതുമാണ്.

ഒരു കാലത്ത് കുന്നുകളും താഴ്വരകളും കുറ്റിക്കാടുകളും വൻമരങ്ങളും വള്ളിപ്പടർപ്പുകളാലും ചുറ്റപ്പെട്ടിരുന്ന ഈ പ്രദേശത്ത് വന്യമൃഗങ്ങളും ഉണ്ടായിരുന്നതായി പഴമക്കാർ ഓർക്കുന്നു. ഇത് ശരിവയ്ക്കുന്ന ചില സ്ഥലനാമങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. പുലിക്കുന്ന്, പന്നിത്തടം, കടമാൻകുളം, മയിലാടുംമുകൾ, കരിമാൻകാവ് മുതലായവ ഇതിനുദാഹരണമാണ്.

സവർണ്ണജാതിയിൽപെട്ടവരും പിന്നോക്ക - പട്ടികജാതിയിൽപെട്ടവരുമായ ജനങ്ങളാണ് കൂടുതലായും ഇവിടെ കഴിഞ്ഞു പോന്നിരുന്നത്. കൃഷിയും അനുബന്ധമേഖലകളിലും പണി ചെയ്ത് ഉപജീവനം കഴിച്ചു പോന്ന വരായിരുന്നു ഇവിടുത്തെ ജനങ്ങൾ. പട്ടികജാതിയിൽപെട്ട വർക്കുനേരെ അന്ന് നിലനിലനിന്നിരുന്ന അയിത്തത്തിനും ഉച്ച നീചത്വങ്ങൾക്കു മെതിരായി അവരെ സംഘടിപ്പിച്ച് 1931-ൽ ശ്രീ. ചീനിവിള ചാത്തന്റെ നേതൃത്വത്തിൽ ശ്രീ. അയ്യൻകാളിയെ സമീപിക്കുകയും മറ്റപ്പള്ളിയിൽ അദ്ദേഹത്തെ കൊണ്ടുവന്ന് ഒരു പൊതുയോഗം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്

ശ്രീനാരായണഗുരു കേരളത്തിന്റെ സാമൂഹ്യ - സാംസ്കാരിക മണ്ഡലങ്ങളിൽ കൊടുങ്കാറ്റുപോലെ ജ്വലിച്ചു ഉയർന്നപ്പോൾ ഈ പഞ്ചായത്തിലെ ജനങ്ങളും ഗുരുവിൽ ആകൃഷ്ടരായി. ഗുരുവിന്റെ ആശയാദർശങ്ങൾ ഉൾക്കൊണ്ട് മുതുകാട്ടുകര ഭഗവതി അയ്യത്ത് ശ്രീ. ഗോവിന്ദനും മറ്റും നേതൃത്വം നൽകി പ്രവർത്തിച്ചതിന്റെ ഭാഗമായി ജനങ്ങൾക്ക് ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. പാറ ജംഗ്ഷന് സമീപം ഇന്നുകാണുന്ന ഗുരുമന്ദിരം ശ്രീ. ഗോവിന്ദന്റെ നേതൃത്വത്തിൽ നിർമ്മിച്ചതാണ്.

തമിഴ്നാട്ടിലെ മധുരയിൽ നിന്ന് വാണിജ്യാവശ്യത്തിനായി കുടിയേറിയവരായിരുന്നു ഇവിടുത്തെ മുസ്ലീം സമുദായത്തിൽപെട്ട റാവുത്തർമാർ. നമ്മുടെ പ്രദേശവുമായി വേഗത്തിൽലിടപഴകാനും നാടിന്റെ പുരോഗതിയിൽ ഭാഗമാകാനും അവർക്ക് കഴിഞ്ഞിട്ടുണ്ട്.

ചാരുംമൂട് ബഥനി ആശ്രമം കേന്ദ്രീകരിച്ചു കൊണ്ട് ക്രിസ്തു മത പ്രചാരണവും അക്കാലത്ത് നടത്തിയിരുന്നു. അന്ന് ഒരു ഇറ്റാലിയൻ പാതിരിയുടെ നേതൃത്വത്തിലുള്ള പുരോഹിതൻമാർ ഉളവുക്കാട്ടെത്തി അവിടുത്തെ ഹരിജനങ്ങൾക്ക് വസ്ത്രങ്ങളും ഭക്ഷണ സാധനങ്ങളും നൽകി വീടുകളിൽ അന്തിയുറങ്ങി മതപരിവർത്തനം നടത്തുകയും ഇതിനെതിരെ ചില നാട്ടു പ്രമാണികൾ സംഘടിച്ച് ആ പാതിരിമാരെ ആക്രമിക്കുകയും അവരുടെ വാഹനങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു. ഈ സംഭവം റോമിൽ വരെ എത്തിയതായും റോമിൽ നിന്ന് നേരിട്ടുള്ള അന്വേഷണം നടന്നിരുന്നതായും അന്ന് ഡി.എസ്.പി ആയിരുന്ന കേരള വർമ്മ എന്ന പോലീസുദ്യോഗസ്ഥൻ സ്ഥലത്ത് ക്യാമ്പു ചെയ്ത് നിരവധി കേസ്സു കൾ ചാർജ്ജു ചെയ്തിട്ടുള്ളതായും പറയപ്പെടുന്നു.

വൈദേശിക മേധാവിത്വത്തിനും സിപിയുടെ കിരാതവാഴ്ചയ്ക്കും എതിരായിട്ടുള്ള സ്വാതന്ത്ര്യ സമരപോരാട്ട ങ്ങൾ 1938 മുതÂ ഇവിടെ ആരംഭിച്ചിരുന്നു. അന്ന് പാലമേൽ, ചുനക്കര, നൂറനാട്, താമരക്കുളം വില്ലേജുകൾ ഉൾപ്പെടുത്തി താലൂക്കടിസ്ഥാനത്തിലുള്ള സ്റ്റേറ്റ് കോൺഗ്രസ് കമ്മിറ്റി ചാരുംമൂട് കേന്ദ്രമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. ഇതിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുകയും നിവർത്തനപ്രക്ഷോഭം, മലയാളി മെമ്മോ റി യÂ പ്രക്ഷോ ഭം, വൈക്കം സത്യാഗ്രഹം, ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ, ഹിന്ദി പ്രചാരണം, തക്കിളിയും ചർക്കയും ഉപയോഗിച്ചുള്ള നൽനൂല്പും വസ്ത്രനിർമ്മാണവും, വിദേശവസ്തുക്കളുടെ ബഹിഷ്കരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ഇവിടെ നടത്തിപ്പോന്നിരുന്നു. ചുനക്കര കളീക്കൽ തെക്കതിൽ ശ്രീ. ശ്രീധരൻപിള്ള പ്രസിഡന്റായും പാലമേൽ പരമേശ്വരത്ത് ശ്രീ. പി. കെ. ബാലകൃഷ്ണപിള്ള സെക്രട്ടറിയുമായ കമ്മിറ്റിയായിരുന്നു ഇതിന് നേതൃത്വം നൽകിയത്.

1946 ൽ നടന്ന പുന്നപ്ര - വയലാർ സമരത്തിനുശേഷം ചേർത്തല താലൂക്കിലെ ജനങ്ങൾ പട്ടിണിയിലും ദുരിതത്തിലുമായപ്പോൾ 8 മണിക്കൂർകൊണ്ട് ഒരു ലോറി ഭക്ഷണ സാധനങ്ങൾ സംഭരിച്ചു നൽകിയ സംഭവം ഇവി ടുത്തെ ജനങ്ങളുടെ മനുഷ്യ സ്നേഹത്തിന്റെയും ദേശ സ്നേഹത്തിന്റെയും മകുടോദാഹരണമാണ്. സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തകരായിരുന്ന നിരവധിപേർ പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായി. 1951 ൽ ഭരണിക്കാവ് നിയോജക ണ്ഡ ല ത്തിÂ നിന്ന് ഒളി വി ലി രുന്ന് ശ്രീ. എം. എൻ. ഗോവിന്ദൻനായർ തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ഈ തെര ഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ ചീഫ് ഇലക്ഷൻ ഏജന്റായി പ്രവർത്തിച്ചിരുന്നത് പാലമേൽ പഞ്ചായത്തിൽ പിൽക്കാലത്ത് പ്രസിഡന്റായിരുന്ന ശ്രീ. പുന്നയ്ക്കാക്കുളങ്ങര മാധവനുണ്ണിത്താനായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ റിക്കാർഡ് ഭൂരിപക്ഷ ത്തിനാണ് ശ്രീ. എം. എൻ. ഗോവിന്ദൻനായർ തെരഞ്ഞെടുക്കപ്പെട്ടത്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാÂ നെഹ്രുപോലും ഈ വിജയത്തിൽ അÌുതം കൂറിയിരുന്നു.

സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകനും ഗാന്ധി ഭക്തനുമായിരുന്ന കുടശ്ശനാട് തമ്പീടയ്ത്ത് ശ്രീ. മാധവൻപിള്ള ഖദർവസ്ത്രവും ഗാന്ധി ത്തൊപ്പിയും ധരിച്ച്, ഉത്സവസ്ഥലങ്ങളിൽ ഗാന്ധിജിയുടെ സന്ദേശങ്ങൾ സ്വന്തം കവിതകളി ലൂടെ ആകർഷകമായി പാടി പ്രചരിപ്പിച്ചിരുന്നു.

കുടശ്ശനാട് പുത്തൻവീട്ടിൽ ശ്രീ. ശങ്കരൻതാങ്കൾ ഗാന്ധിജിയുടെ ശിഷ്യത്വം സ്വീകരിച്ച് ഹരിജനോദ്ധാരണ പ്രവർത്തകനായി മാറുകയും അന്ന് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഹരിജൻ വിഭാഗത്തിന് വിദ്യാഭ്യാസം ചെയ്യുന്നതി നായി മൂന്നു സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. അതിലൊന്നാണ് അദ്ദേഹത്തിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന തണ്ടാനുവിളയിലുള്ള ശങ്കരവിലാസം ഗവ. ഹയർസെക്കന്ററി സ്കൂൾ

നൂറനാട് ജംഗ്ഷനു സമീപം സ്ഥിതി ചെയ്യുന്ന എരുമക്കുഴി ഗവ. എൽ.പി സ്കൂൾ ഇളയശ്ശേരി കുടുംബം സൗജന്യമായി നൽകിയിട്ടുള്ള സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത്. പള്ളിക്കൽ ഗവ. എസ്. കെ. വി. എൽ. പി. എസ് ശ്രീ. രാമനുണ്ണിത്താനും ഉളവുക്കാട് ഗവ. ടവൽ ഫയർ എൽ.പി. എസ് ശ്രീ. കറമ്പനും സ്ഥാപിച്ചിട്ടുള്ളതാണ്. പയ്യനല്ലൂർ വെൽഫയർ എൽ.പി.എസും പയ്യനല്ലൂർ ഗവ. എൽ. പി. എസ്സും ഗവ. ഹൈസ്കൂളും പ്രദേശവാസികളാൽ സ്ഥാപിക്കപ്പെട്ട സർക്കാർ വിദ്യാലയങ്ങളാണ്. നൂറനാട് സി. ബി.എം ഹൈസ്കൂൾ കളീക്കൽ തെക്കേതിൽ ശ്രീ. രാമൻപിള്ളയും കുടശ്ശനാട് എൻ.എസ്.എസ് ഹൈസ്കൂൾ കുടശ്ശനാട് പുത്തൻവീട്ടിൽ ശ്രീ. രാമക്കുറുപ്പും ആദിക്കാട്ടുകുളങ്ങര എൽ. പി. എസ് കുഴിയത്ത് ശ്രീ. കുഞ്ഞുകൃഷ്ണപിള്ളയും സ്ഥാപിച്ച സ്വകാര്യ മേഖലയിലുള്ള വിദ്യാലയങ്ങളാണ്. ഇതു കൂടാതെ എസ്. എൻ. ഡി. പി യുടെ ഉടമസ്ഥതയിൽ ഉളവുക്കാട് രാമചന്ദ്ര വിലാസം എൽ പി. എസും പ്രവർത്തിക്കുന്നു -ു. അന്യനാടുകളിൽനിന്നും വരുന്ന വഴിയാത്രക്കാർക്കും ചരക്കുകൾ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും തിരുവിതാംകൂറിന്റെ മധ്യഭാഗത്തുകൂടി കടന്നുപോയിരുന്ന രാജപാതയാണ് കായംകുളം – പുനലൂർ റോഡ്. അന്യനാടുകളിലേക്ക് തപാൽ ഉരുപ്പടികൾ അഞ്ചലോട്ടക്കാർ കൊണ്ടുപോയിരുന്നത് ഈ പാതയിലൂടെയാണ്. രാജഭരണകാലത്ത് ഈ പാതയ്ക്കരുകിലെ സ്ഥാപിച്ചിരുന്ന ചുമടുതാങ്ങികളും വഴി വിളക്കുകളും ശേഷിച്ചത് പഞ്ചായത്ത് അങ്കണത്തിലും സൂക്ഷിച്ചിട്ടുണ്ട്.

നൂറനാട്ട് ഇന്നുള്ള മൃഗാശുപത്രിയും വില്ലേജോഫീസും ചന്തയും സ്ഥിതി ചെയ്യുന്ന സ്ഥലം രാജ വാഴ്ചക്കാലത്ത് സർക്കാർ ഉദ്യോഗസ്ഥർക്ക് താമസിക്കാനുള്ള സത്രങ്ങളും വണ്ടിപ്പുരയും നിന്നിരുന്ന സ്ഥലമാണ്. സർക്കാർവക ഒന്നരയേക്കർ സ്ഥലമാണ് അന്ന് ഇതിനായി നീക്കി വെച്ചത്.

വിഷ ചികിത്സയിൽ അഗ്രഗണ്യനായ ശ്രീ. മുകളിൽ ആശാനും ആയുർവേദ ചികിത്സയിൽ പ്രാവീണ്യം നേടിയ കാവുമ്പാട് വണ്ടിപ്പുര വൈദ്യനും എരുമക്കുഴിയിലെ ഉമ്മിണി ആശാനും ഹോമിയോ ചികിത്സയിൽ ബിരുദ മെടുത്ത് ചികിത്സ നട ത്തി യി രുന്ന കുട ശ്ശ നാട് രാമ നാട്ടെ ശ്രീ. വർഗ്ഗീസും പഞ്ചാ യ ത്തിലെ അറി യ പ്പെ ടുന്ന വൈദ്യശ്രേഷ്ഠരായിരുന്നു. ഉളവുക്കാട്ടെ പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം എൻ. എസ്. എസ് സംഭാവന നൽകിയ സ്ഥലത്തും മാമ്മൂട് ജംഗ്ഷന് സമീപമുള്ള പാലമേൽ ഗവ. ഹോമിയോ ഡിസ്പെൻസറി വഞ്ചീശ്വരത്ത് അഡ്വ. കെ. ആർ. ഗംഗാധരൻപിള്ള സംഭാവന ചെയ്ത സ്ഥലത്തുമാണ് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തോഫീസ് നില്ക്കുന്ന സ്ഥലം കുറ്റൂവേലിൽ ശ്രീ. കുഞ്ഞു കൃഷ്ണപിള്ള കുത്തകപ്പാട്ടമായി കൈവശം വെച്ചിരുന്ന സ്ഥലമാണ്. ഒന്നേകാൽ ഏക്കറോളം വരുന്ന ഈ സ്ഥലം പഞ്ചായത്തോഫീസിനു വേണ്ടി അദ്ദേഹത്തിൽനിന്നും ലഭിക്കുന്നതിന് ശ്രീ. പുന്നയ്ക്കാക്കുളങ്ങര മാധവനുണ്ണിത്താനും ശ്രീ. പി. കെ. ബാലകൃഷ്ണപിള്ളയുമാണ് പ്രയത്നിച്ചത്. പാലമേൽ കൃഷിഭവൻ നില്ക്കുന്ന 10 സെന്റ് സ്ഥലവും നൂറനാട് പോലീസ് സ്റ്റേഷൻ നില്ക്കുന്ന 25 സെന്റ് സ്ഥലവും പിന്നീട് പഞ്ചായത്ത് എഴുതിക്കൊടുത്തിട്ടുള്ളതാണ്.

സാംസ്കാരിക രംഗത്തും ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നയിടമാണ് പാലമേൽ പഞ്ചായത്ത്. ജനങ്ങളിൽ വായനാശീലവും അറിവും പകർന്നു നൽകുന്നതിനായി കാവുംപാട് കേന്ദ്രീകരിച്ച് സുഭാഷ് ഗ്രന്ഥശാല സ്ഥാപിക്കപ്പെട്ടു. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പ്രസ്തുത ഗ്രന്ഥശാലയാണ് ശ്രീ. കെ. ഗോവിന്ദപ്പിള്ള സ്മാരക സെൻട്രൽ ലൈബ്രറിയായി ഇപ്പോൾ ഉയർത്തപ്പെട്ടത്. മാമ്മൂട് കവിതാ ലൈബ്രറി, ആദിക്കാട്ടുകുളങ്ങര ജനതാ ഗ്രന്ഥശാല, ഉളവുക്കാട്, കുടശ്ശനാട്, പണയിൽ സാംസ്കാരിക നിലയങ്ങൾ എന്നിവയും നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളാണ്.

കല്ലിട്ടതിൽ ശ്രീ. എസ്. കുഞ്ഞു പിള്ള സ്ഥാപിച്ച സിനിമാ പ്രദർശനശാലകളായിരുന്ന നൂറനാട് ജനതയും ദർശനയും ചലച്ചിത്രാസ്വാദനത്തിന് ഇന്നാട്ടുകാരെ ഏറെ സഹായിച്ചവയായിരുന്നു.ഇന്ന് ഇത് നവീകരിച്ച് സ്വാതി തീയറ്ററായി ആധുനിക സൗകര്യങ്ങളോടുകൂടിയ മൾട്ടിപ്ലക്സ് പ്രദർശനശാലയായി രൂപാന്തരപ്പെട്ടു.

മത–സാമുദായിക സ്പർധ ഒട്ടും തീണ്ടിയിട്ടില്ലാത്ത നാടാണ് നമ്മുടേത്. സാമുദായിക ലഹളകൾ നമുക്കന്യമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള കുടശ്ശനാട് തിരുമണിമംഗലം മഹാദേവർ ക്ഷേത്രം രണ്ട് ശ്രീകോവിലുകളുള്ളതും ഈ രണ്ട് ശ്രീകോവിലുകളിലും ശിവനും വിഷ്ണുവുമായി പ്രതിഷ്ഠകളുള്ളതുമാണ്. ഇത്തരത്തിൽ ഇരട്ട പ്രതിഷ്ഠകളുള്ള ക്ഷേത്രങ്ങൾ കേരളക്കരയിൽ അപൂർവ്വമാണ്.

വർഷങ്ങളോളം പഴക്കമുള്ള ആദിക്കാട്ടുകുളങ്ങര മുസ്ലീം ദേവാലയവും കാവുംപാട്ടുള്ള മുസ്ലീം ദേവാലയവും ചരിത്ര പ്രസിദ്ധങ്ങളാണ്. 1870 ൽ സ്ഥാപിക്കപ്പെട്ട, യാക്കോബായ ഓർത്തഡോക്സ് സഭയുടെ ചരിത്രപ്രസിദ്ധമായ കുടശ്ശനാട് വലിയ പള്ളിയും 1944 ൽ സ്ഥാപിതമായ, മലങ്കര കാതലിക് സഭയുടെ കുടശ്ശനാട്ടു തന്നെയുള്ള സെന്റ് തോമസ് കാത്തലിക് ചർച്ചും നമ്മുടെ ദീപസ്തംഭങ്ങളാണ്.

കേരളത്തിലാകെ ശ്രദ്ധേമായിരുന്ന നൂറനാട് പക്ഷിഗ്രാമം നമ്മുടെ പഞ്ചായത്തിലായിരുന്നു. ആവാസവ്യവസ്ഥയിൽവന്ന വ്യതിയാനംമൂലം ദേശാടനപക്ഷികളുടെ വരവ് ഇപ്പോൾ കുറവാണ്.

മാവേലിക്കര താലൂക്കിലെ രണ്ടാമത്തെ പ്രവർത്തിക്കച്ചേരി നൂറനാട്ടായിരുന്നു. പ്രവൃത്തിയാരുടെ അധികാരപരിധിയിലായിരുന്ന ഈ പ്രവർത്തികച്ചേരിയെ രാജവാഴ്ചയുടെ അവസാന കാലത്ത് നൂറനാട് വില്ലേജെന്നും പാലമേൽ വില്ലേജെന്നും രണ്ടായി വിഭജിച്ചു.

ശ്രീ. സി. ഭാർഗ്ഗവൻപിള്ള പ്രസിഡന്റായി 1948 ൽ സ്ഥാപിതമായ വില്ലേജ് യൂണിയനായിരുന്നു പഞ്ചായത്തിന്റെ ആദ്യ ഭരണ സമിതി. 1954 ൽ ശ്രീ. കെ. ഗോവിന്ദപ്പിള്ള പ്രസിഡന്റായി ആദ്യത്തെ ജനകീയ ഭരണസമിതി നിലവിൽ വന്നു. തുടർന്ന് 1963–ൽ ശ്രീ. പുന്നയ്ക്കാക്കുളങ്ങര മാധവനുണ്ണിത്താൻ പ്രസിഡന്റായുള്ള ഭരണ സമിതിയും 1979 ൽ ശ്രീ. കെ. ഗോവിന്ദപ്പിള്ള വീണ്ടും പ്രസിഡന്റായും 1988–ലും 1995–ലും ശ്രീ. പി. ആർ. കൃഷ്ണൻനായർ പ്രസിഡന്റായും 2000–ത്തിൽ ശ്രീമതി സി. ഗോമതി ടീച്ചർ പ്രസിഡന്റായും 2005–ൽ ശ്രീ. എസ്. സജി പ്രസിഡന്റായും 2010 ൽ ശ്രി കെ.ബിജു പ്രസിഡന്റായും, 2015 ൽ ശ്രീമതി ഓമന വിജയൻ പ്രസിഡന്റായും ഭരണസമിതികളാണ് പഞ്ചായത്തിൽ പ്രവർത്തിച്ചത്.

പഞ്ചായത്തിലെ കഴിഞ്ഞകാല രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകരെല്ലാം തന്നെ വിവിധ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിനെ മുന്നോട്ടു നയിച്ചവരാണ്. അറിയുന്നവരും അറിയപ്പെടാത്തവരുമായ ഈ മഹാരഥന്മാർ നമ്മുടെ ചരിത്ര സ്മൃതികളിൽ എക്കാലവും നിറഞ്ഞു നില്ക്കും.

ശ്രീ.ബി. വിനോദ് ന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്.

ഭാഗം II

വിഷയ മേഖലകൾ/വിഭാഗങ്ങൾ

അദ്ധ്യായം 1

കൃഷിയും അനുബന്ധ മേഖലകളും

മുഖ്യമായും കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന ഒരു ഇടനാടു ഗ്രാമപ്രദേശമാണ് പാലമേൽ ഗ്രാമപഞ്ചായത്ത്. കുന്നിൻചരിവുകളും സമതലങ്ങളുമായിട്ടുള്ള കരപ്രദേശവും വിരിപ്പ്, മുണ്ടകൻ,പുഞ്ച എന്നീ നിലങ്ങളും അടങ്ങിയതാണ്. ഈ ഭൂവിഭാഗം, വർഷം മുഴുവനും വെള്ളക്കെട്ടായി കിടക്കുന്ന പുഞ്ച നിലമാണ് ഈ പഞ്ചായത്തിലെ പ്രധാന നെല്ലുല്പാദന മേഖല. ചെമ്മണ്ണ് ചരൽമണ്ണ്, തകിടി മണ്ണ് എന്നിവയാണ് പ്രധാന മൺതരങ്ങൾ. ഓണാടൻ പ്രദേശങ്ങൾ പോലെയുള്ള മണൽ പ്രദേശവും ചെളി നിറഞ്ഞ എക്കൽ മണ്ണും മണലും നിറഞ്ഞ നീർമറി പ്രദേശവും ഉണ്ട്.

വർദ്ധിച്ചു വരുന്ന ജനസംഖ്യയും തദ്വാര പാർപ്പിട നിർമ്മാണത്തിലുള്ള വർദ്ധനവും കാരണം ഭൂമി തുണ്ടുതുണ്ടായി മാറുന്നതിനും കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നതിനും ഇടയാകുന്നു.കുറഞ്ഞു വരുന്ന ഭൂവിസ്തൃതിയും കാർഷിക വിളകളുടെ ഉല്പാദനക്കുറവും ഭക്ഷ്യപ്രശ്നം രൂക്ഷമാക്കുന്നു. ജനസംഖ്യയുടെ 67% പേർക്കുമാത്രമാണ് സ്വന്തമായി ഭൂമിയുള്ളത്. ഇതിൽ 59% പേർക്കും 10 സെന്റിൽ താഴെയാണുള്ളത്.

നെൽകൃഷി ആദായകരമല്ലാതായി. നിലങ്ങളിൽ പച്ചക്കറി, വാഴ, വെറ്റില മുതലായവ കൃഷി ചെയ്യുന്നു. വ്യാപകമായി നിലങ്ങൾ നികത്തി വീടുകൾ വെയ്ക്കുകയും ചെയ്യുന്നു.

തെങ്ങിനു രോഗം ബാധിച്ചതിനാൽ ആദായം കുറഞ്ഞു. കൃഷിഭവൻ രേകകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിൽ 133817 തെങ്ങുണ്ട്. 44% തെങ്ങുകളും രോഗം ബാധിച്ചവയാണ്. തെങ്ങിൻ തോപ്പുകൾ റബർതോട്ടങ്ങൾക്ക് വഴിമാറിക്കൊണ്ടിരിക്കുന്നു. .

നൂറ്റാണ്ടിന്റെ തുടക്കം മുതലേ മനുഷ്യന്റെ ഒരു പ്രധാന ഭക്ഷ്യവസ്തുവായിരുന്ന മരച്ചീനികൃഷി നാമമാത്രമായി കുറഞ്ഞിരിക്കുന്ന ഭൂവിനിയോഗത്തിൽ വന്ന മാറ്റംമൂലവും എലി ശല്യം കാരണവും മരച്ചീനികൃഷി കുറഞ്ഞു.

പച്ചക്കറി കൃഷി അങ്ങിങ്ങായി കൃഷി ചെയ്യുന്നുണ്ടെങ്കിലും വ്യാപകമായിട്ടില്ല. ഇന്നു സർവ്വ സാധാരണമായി ഉപയോഗിക്കുന്ന പച്ചക്കറിക്കുവേണ്ടി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതു മൂലം നമ്മുടെ സമ്പത്തിന്റെ ഒരു ഭാഗം അയൽസംസ്ഥാനത്തേക്ക് പോകുന്നു. പച്ചക്കറികൃഷി വ്യാപിപ്പിക്കേണ്ടതാണ്. അതോടൊപ്പം മറ്റ് ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനവും വർദ്ധിക്കേണ്ടതാണ്.

മണ്ണു സംരക്ഷണം

ചെറിയ കുന്നുകളും നീണ്ട ചരിവുകളും ഇടുങ്ങിയ സമതലപ്രദേശവും അടങ്ങിയ നമ്മുടെ കൃഷിഭൂമിയിൽ മണ്ണൊലിപ്പ് വളരെ അനുഭവപ്പെടുന്നു. എല്ലാ വാർഡുകളിലും മണ്ണൊലിപ്പുണ്ടെങ്കിലും 7,8,10 വാർഡുകളിൽ കൂടുതലായി അനുഭവപ്പെടുന്നു. കാര്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ജലസേചന സൗകര്യങ്ങൾ

പാലമേൽ പഞ്ചായത്തിലെ പ്രധാന ജലസേചന സ്രോതസ്സുകൾ 27 ജലസേചന തോടുകളും 33 ജലസേചന കുളങ്ങളുമാണ്. ഈ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ കൂടിയും കെ.ഐ.പി കനാൽ കടന്നുപോകുന്നു. നാണ്യവിളകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ പദ്ധതി പ്രധാന ജലസേചന പദ്ധതിയാണ്. ഭക്ഷ്യവിളകളെയും നാണ്യവിളകളെയും പൊതുവെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

ഈ പഞ്ചായത്തിന്റെ ഒരു അനുഗ്രഹമായ ജല സ്രോതസ്സുകൂടിയാണിത്. കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിന് ഇതു സഹായിക്കുന്നു. എന്നാൽ ശരിയായ രീതിയിൽ ജല നിർഗമന നിയന്ത്രണം നടത്തി ഉപയുക്തമായ രീതിയിൽ ജലസേചനം നടത്തുന്നില്ല എന്നത് ഒരു പോരായ്മയാണ്. ജലനിർഗമന നാളികളിലൂടെ ജലം നിയന്ത്രിച്ച് ആവശ്യമുള്ള സമയങ്ങളിൽ ജലസേചനം നടത്തുന്നതിനുള്ള സംവിധാനം ആവശ്യമാണ്. ഊറ്റുവെള്ളം ഒഴിച്ചു വിടുന്നതിനുള്ള സൗകര്യങ്ങൾകൂടി ചെയ്യണം.

കാർഷിക മേഖലയിലെ ഇന്നത്തെ പ്രധാന പ്രതിസന്ധി കർഷക തൊഴിലാളികളെ കിട്ടുന്നില്ല എന്നതാണ്. ഭൂരിപക്ഷം തൊഴിലാളികളും കെട്ടിട നിർമ്മാണ മേഖലയിലും സ്വയം തൊഴിലിലും ഏർപ്പെട്ടിരിക്കുന്നു.

എല്ലാ വാർഡുകളിലും പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഫലവത്തായ പ്രയോജനം ലഭിക്കുന്നില്ല. നിലവിലുള്ള ഉല്പാദന ബോണസ് വളരെ കുറവാണ്. സ്റ്റേറ്റ് ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, കൊ-ഓപ്പറേറ്റീവ് ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവ കർഷകർക്ക് വായ്പാ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. പൊതുവെ കർഷകരുടെ ജീവിത നിലവാരം മോശമായും കടബാദ്ധ്യതകൾ വർദ്ധിച്ചും കാർഷിക വിളകൾ കുറഞ്ഞും വരുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

നെൽകൃഷി നഷ്ടമാണ്. കൃഷി ചെയ്യുന്നതിന് പ്രയാസം നേരിടുന്നു.

തേങ്ങായ്ക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല.

മണ്ണു പരിശോധന കാലാകാലങ്ങളിൽ നടത്തുന്നില്ല.

കർഷക തൊഴിലാളികൾ കുറഞ്ഞു വരുന്നു. കൂലി കൂടുതലാണ്.

ഭൂമി തുണ്ടുതുണ്ടായി മാറുന്നതിനാൽ കൃഷിപ്പണികൾ ഒന്നായി ചെയ്യാൻ കഴിയുന്നില്ല. അതിനാൽ നഷ്ടം നേരിടുന്നു.

തെങ്ങിനുള്ള രോഗത്തിന് ഇതുവരെയും ശാശ്വത പരിഹാരം ലഭിച്ചിട്ടില്ല.

നടീൽ വസ്തുക്കൾ ആവശ്യത്തിനു ലഭിക്കുന്നില്ല.

കെ.ഐപി കനാൽ ഉണ്ടെങ്കിലും സൗകര്യം കാര്യക്ഷമമല്ല.

കെ.ഐപി കനാലിൽ കൂടി വരുന്ന അധിക ജലം കൃഷിക്ക് ശല്യം ചെയ്യുന്നു.

കൊയ്ത്തിന് തൊഴിലാളികളെ കിട്ടുന്നില്ല.

പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ

കർഷകനും കർഷകതൊഴിലാളിയും തമ്മിലുള്ള പരസ്പര സഹകരണം ഉറപ്പാക്കുക.

പാടശേഖര സമിതികൾ കാര്യക്ഷമമാക്കുക.

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

കൃഷി വായ്പയും, വളം സബ്സിഡിയും, ഉൽപ്പാദന ബോണസും ലഭ്യമാക്കുക.

ജലലസേചനത്തിനു ഉപയുക്തമായ എല്ലാ തോടുകളും കുളങ്ങളും വെട്ടി സംരക്ഷിക്കുക.

കാറ്റുപിടിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.

തെങ്ങു കയറ്റ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കുക.

തേങ്ങയുടെ വില നിജപ്പെടുത്തുക.

വിളകൾ ഇൻഷ്വർ ചെയ്യുക.

കൃഷി, കൊയ്ത്ത്, മെതി എന്നിവക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുക.

കെ.ഐ.പി കനാലിൽ നിന്നും കൃഷിക്ക് ഉപയുക്തമായ രീതിയിൽ ജലം ലഭിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

കെ.ഐ.പി കനാലിൽ നിന്നും വരുന്ന അധിക ജലം ദോഷം ചെയ്യാത്ത വിധത്തിൽ തിരിച്ചു വിടുക.

അദ്ധ്യായം-2

മൃഗസംരക്ഷണവും ക്ഷീരവികസനവും

പഞ്ചായത്തിലെ ജനങ്ങൾ പാലിനും, വണ്ടി വലിക്കുന്നതിനും, ഉഴവിനും, ജൈവവളത്തിനുമായി ധാരാളം കന്നുകാലികളെ വളർത്തി പോന്നിരുന്നു. ഈ കൂട്ടത്തിൽ ആടുകളും കോഴികളും ഉൾപ്പെടും. കുന്നുകളും മലകളും, പാടശേഖരങ്ങളും ഫലഭൂയിഷ്ടമായ മണ്ണും ഒക്കെയുള്ള ഈ പ്രദേശത്ത് കൃഷിയും അതിനോടനുബന്ധമായ കാലി വളർത്തലും നാടിന്റെ പുരോഗതിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. പണ്ട് കാലികളെ വളർത്തുവാൻ പഞ്ചായത്തിലുള്ള കുന്നുകളും മലകളും വളരെ സൗകര്യമുള്ളതായിരുന്നു. ജനസംഖ്യാ വർദ്ധനവും പാർപ്പിട സൗകര്യങ്ങളും. വർദ്ധിച്ചു വന്നതോടെ കാർഷിക രീതിയിലാകെ മാറ്റം വന്നു. നെൽകൃഷി ആദായകരമല്ലാതായപ്പോൾ നെൽവയലുകൾ മറ്റു കൃഷികൾ ചെയ്യുവാൻ ആളുകൾ പ്രേരിതരായി. അങ്ങിങ്ങായി നിലങ്ങൾ നികത്തിയെടുക്കുന്നതിനുള്ള പ്രവണതയും കണ്ടുതുടങ്ങി. ഇതോടെ കാർഷിക വ്യവസ്ഥയും കന്നുകാലി വളർത്തലും തമ്മിലുള്ള ബന്ധത്തിന് ഒരു വലിയ മാറ്റംതന്നെ ഉണ്ടായിട്ടുണ്ട്. കന്നുകാലികൾക്കാവശ്യമായ തീറ്റപ്പുല്ലിനും വൈക്കോലിനും ദൗർലഭ്യമായി. കാർഷികാവശ്യത്തിനു കാലി വളം ലഭിക്കാതെയുമായി.

പശു, എരുമ, ആട്, കാള, പോത്ത് എന്നിവയാണ് പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ. ആദ്യനാളുകളിൽ നാടൻ പശുക്കളാണ് ഉണ്ടായിരുന്നത്. ഇന്ന് സങ്കരയിനത്തിൽ പെട്ടതും അത്യുല്പാദനശേഷി ഉള്ളതുമായ പശുക്കളെയാണ് കൂടുതലായി വളർത്തിപ്പോരുന്നത്. സങ്കരയിനം പശുക്കളെ വളർത്തുകയും അതു വഴി ലഭിക്കുന്ന ആദായംകൊണ്ട് ഉപജീവനം നടത്തി വരുന്നതിനാവശ്യമായ ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഈ മേഖലയിൽ ഒട്ടനേകം പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഇന്നനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. സങ്കരയിനം പശുക്കളുടെ വർദ്ധിച്ച വില, പശുക്കളെ കിട്ടാനില്ലായ്മ, പശുക്കൾക്കുണ്ടാകുന്ന കുളമ്പു രോഗങ്ങൾ, അകിടു വീക്കം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ, കാലിത്തീറ്റ കിട്ടാനില്ലായ്മ, കാലിത്തീറ്റയുടെ കൂടുതൽ, രോഗം വന്നാൽ ചികത്സിക്കുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ട്, തുടങ്ങിയവ എല്ലാംതന്നെ ഈ മേഖലയിലെ കൃഷിക്കാർ ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

പ്രശ്നങ്ങൾ

സങ്കരയിനം പശുക്കളെ വാങ്ങുന്നതിനും മെച്ചപ്പെട്ട തൊഴുത്ത് ഉണ്ടാക്കുന്നതിനുമുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ.

കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ്. ഇറക്കുമതി ചെയ്യുന്ന വൈക്കോലിന്റെ ഗുണനിലവാരക്കുറവും, വിലക്കൂടുതലും, തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും ഒക്കെ കാരണം ഈ രംഗത്തേക്ക് കൃഷിക്കാർ കടന്നു വരാൻ മടിക്കുന്നു.

മൃഗ സംരക്ഷ സംവിധാനങ്ങളുടെ അപര്യാപ്തതയും മരുന്നുകളുടെ വിലക്കൂടുതലും കാരണം പശുക്കളെ വളർത്തുന്നതിന് താല്പര്യം കുറയുന്നു.

സാധ്യതകൾ

നല്ല ഇനം പശുക്കളെ വാങ്ങുന്നതിന് ക്ഷീരസംഘങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ ലോണുകൾ അനുവദിച്ചു നൽകുകയും, മെച്ചപ്പെട്ട തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ബോധവൽക്കരണം നൽകിയുമുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം.

നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, സംഘങ്ങൾ വഴി കാലിത്തീറ്റയും മരുന്നുകളും കുറഞ്ഞ വിലക്ക് ലഭ്യമാക്കുകയും ചെയ്യണം.

ഉല്പാദിപ്പിക്കുന്ന പാലിന് ന്യായവില കിട്ടുകയും വിപണന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യണം.

ക്ഷീരസംഘങ്ങൾ വഴി മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടി .

ഉണ്ടാകണം.

കാലിത്തീറ്റ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം.

കോഴിവളർത്തൽ

പ്രശ്നങ്ങൾ

നല്ലയിനം മുട്ടക്കോഴികളെ കിട്ടാനുള്ള ദൗർലഭ്യം.

കോഴിത്തീറ്റയുടെയും കോഴിയുടെയും ദൗർലഭ്യം

കോഴികൾക്കുണ്ടാകുന്ന രോഗങ്ങൾക്കാവശ്യമായ മരുന്നിന്റെ ലഭ്യതക്കുറവ്.

വിപണനം ചെയ്യുന്നതിനുള്ള സൗകര്യമില്ലായ്മ.

നിർദ്ദേശങ്ങൾ

നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായവും, കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭിക്കുന്നതിനുള്ള നടപടികളും വിപണസൗകര്യവും ഉണ്ടാകുക.

കോഴിക്കൂടുകൾ നിർമ്മിക്കുന്നതിന് സബ്സിഡി വഴിയുള്ള സാമ്പത്തിക സഹായവും കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് വൈദ്യുതിയും മരുന്നും കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാവണം.

മത്സ്യകൃഷി

പ്രശ്നങ്ങൾ

നല്ലയിനം മത്സ്യ കുഞ്ഞുങ്ങളും സാങ്കേതിക വിദ്യയും ഇല്ലാത്തതിനാൽ സംരഭകർ മുന്നോട്ടു വരുന്നില്ല.

വായ്പകളും സബ്സിഡികളും ലഭിക്കാത്തതിനാൽ ഈ രംഗത്ത് സംരംഭകർ കുറയുന്നു.

സാധ്യതകൾ

നല്ലയിനം മത്സ്യ കുഞ്ഞുങ്ങളെ ലഭ്യമാക്കിയും, ബോധവല്ക്കരണം നടത്തിയും, പ്രോത്സാഹനം നടത്തിക്കൊടുത്തുകൊണ്ടുമുള്ള നടപടികൾ ഉണ്ടാകണം.

മത്സ്യകൃഷി നടത്തുന്നതിനായി മുന്നോട്ടു വരുന്നവർക്കെല്ലാം സബ്സിഡിയായി വായ്പകൾ ലഭ്യമാക്കണം.

മത്സ്യകൃഷി നടത്തുന്നതിനുള്ള കുളങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം.

പഞ്ചായത്തുവക കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം.

അദ്ധ്യായം 3

വിദ്യാഭ്യാസം, സംസ്ക്കാരം, കല

ചരിത്രവും സംസ്ക്കാരവും സമന്വയിച്ച് വിദ്യഭ്യാസ രംഗത്ത് മഹത്തായ സംഭാവന ചെയ്തിട്ടുള്ള ഒരു പാരമ്പര്യം തന്നെ പാലമേൽ പഞ്ചായത്തിനുണ്ട്. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് സർക്കാർ സ്ക്കൂളുകളോടൊപ്പം തന്നെ സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളും സേവനമനുഷ്ടിച്ചിട്ടുണ്ട്. നാടിന്റെ ഇപ്പോഴത്തെ സർവ്വതോന്മുഖമായ ഉയർച്ചക്കുള്ള അടിസ്ഥാന ഘടകം ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലകൊള്ളുന്ന 14 സ്ക്കൂളുകളുടെ ദീർഘകാലമായുള്ള സേവന പാരമ്പര്യമാണ്.

കൊച്ചു കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ ചേർക്കാനുള്ള രക്ഷാകർത്താക്കളുടെ താല്പര്യം ഏറിവരുന്നതായി കാണുന്നു. പൊതു വിദ്യാലയത്തിൽ കുട്ടികളെചേർക്കുന്നതിലുള്ള രക്ഷാകർത്താക്കളുടെ വൈമുഖ്യം കൊണ്ടും വർഷംതോറും കുറഞ്ഞുവരുന്ന ജനന നിരക്ക് മൂലവും പഞ്ചായത്തിലെ സ്ക്കൂളുകളിലെ വിദ്യാർഥികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

സ്ക്കൂളുകളിലെ പൊതുവായ പ്രശ്നങ്ങൾ

പല സ്ക്കൂൾ കെട്ടിടങ്ങളും പൊളിഞ്ഞ് വീഴാറായതാണ്

അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചമല്ല. ഇവിടെ വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ല.

പല സ്കൂളുകളിലും ചുറ്റുമതിലുകളും കളിസ്ഥലങ്ങളും ഇല്ല.

മിക്ക സ്കൂളുകളിലും ലൈബ്രറി സൗകര്യങ്ങൾ അപര്യാപ്തമാണ്.

നിർദ്ദേശങ്ങൾ

ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ ചുറ്റുമതിൽ കെട്ടണം. പൊട്ടിയ ഓടുകൾ മാറ്റണം. ഇടിഞ്ഞു വീഴാറായ ചുറ്റുമതിലുകൾ പെട്ടന്ന് അറ്റകുറ്റപ്പണികൾ നടത്തണം.

ആവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കണം. പഴയവയുടെ അറ്റകുറ്റപ്പണികൾ നടത്തണം. ആവശ്യമുള്ള വശ്യമുള്ള ലൈബ്രറി ലാബോറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കുക.

ആവശ്യമുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുക. കായിക പരിശീലനത്തിനുള്ള സ്പോർട്സ് സാമഗ്രികൾ ലഭ്യമാക്കുക.

ഉച്ചക്കഞ്ഞി വിതരണം ചെയ്യാൻ കൂടുതൽ സാമ്പത്തിക സഹായം കിട്ടണം.

പഠനകാര്യത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് കോച്ചിംങ്ങ് ക്ലാസുകൾ നൽകണം.

അക്കാദമിക് കാര്യങ്ങൾ പ്രതിമാസം വിലയിരുത്തണം.

കലകൾ അഭ്യസിക്കുന്നതിനു വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാകണം.

സ്കൂളുകളിൽ സ്കൗട്ട് പ്രവർത്തനം കാര്യക്ഷമമാക്കണം.

അദ്ധ്യായം 4

കുടിവെള്ളം, ശുചിത്വം

പാലമേൽ പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. 9244 വീടുകൾ ഉള്ളതിൽ 75% വീടുകളിലും സ്വന്തമായി കിണറുകൾ ഉള്ളതാണ്. ബാക്കിയുള്ളവർ അയൽവീടുകളിൽ നിന്നും വെള്ളം കൊണ്ടുവന്ന് ഉപയോഗിക്കുന്നവരാണ്. ജനുവരി മാസം മുതൽ മേയ് മാസം വരെ 12 വാർഡുകളിലും ജല ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നു. കൂടുതൽ കിണറുകളും വളരെ ആഴമുള്ളവയും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയുമാണ്. പൊതുകിണറുകൾ, പ്രത്യേകിച്ച് സ്കൂളുകളിൽ ഉള്ള കിണറുകൾ കാലാകാലങ്ങളിൽ ശുചിയാക്കുന്നില്ല. ജലവിതരണ പദ്ധതി ഈ പഞ്ചായത്തിൽ എവിടെയും നടപ്പാക്കിയിട്ടില്ല. എന്നാൽ കേരളാ വാട്ടർ അതോറിറ്റി പാലമേൽ, നൂറനാട്, നൂറനാട് ലെപ്രസി സാനിട്ടോറിയം ചുനക്കര എന്നീ പ്രദേശങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി എൽ.ഐ.സി സ്ക്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം 5

ആരോഗ്യം

കഴിഞ്ഞ രണ്ട് ശദാബ്ദങ്ങളായി പാലമേൽ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചപ്പെട്ടു വരുന്നു. മരണ നിരക്ക്, ജനന നിരക്ക്, ശിശു മരണ നിരക്ക് എന്നിവ പരിശോധിച്ചാൽ 1995–96 ൽ വളരെ കുറവായി കാണപ്പെടുന്നത് കാണാം. വൃദ്ധ ജനങ്ങളുടെ എണ്ണം കൂടി വരുന്നു. ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ ഒരു പ്രഥമികാരോഗ്യ കേന്ദ്രവും, ഒരു ഇ.എസ്.ഐ ആശുപത്രിയും,ഒരു ഹോമിയോ ആശുപത്രിയുമാണ് ഉള്ളത്. പ്രാധമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള 7 സബ്സെന്ററുകളും 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആഫീസുകളും വഴിയാണ് മാതൃ ശിശുസംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നത്. ചികിത്സാരംഗത്ത് പി.എച്ച്.സി യ്ക്ക് പുറമേ 4 സ്വകാര്യ ഡിസ്പെൻസറികൾ ഉണ്ട്. കുടുംബ സംവിധാന പ്രവർത്തനങ്ങളും, ബോധവൽക്കരണവും, ഉയർന്ന വിദ്യാഭ്യാസ നിരക്കും ജനങ്ങളിൽ ഉയർന്ന ആരോഗ്യ നിലവാരം കൈവരിക്കാനുള്ള ബോധം ഉണ്ടാക്കിയിട്ടുണ്ട്. ശരാശരി 350 രോഗികൾ ഒരു ദിവസം പി.എച്ച്.സി യിൽ ചികത്സക്കായി എത്തുന്നു എന്നുള്ളതിൽ നിന്ന് തന്നെ ജനങ്ങളിലെ ആരോഗ്യ സംരക്ഷണ കാര്യങ്ങളിലുള്ള താല്പര്യം മനസ്സിലാക്കാവുന്നതാണ്. കുടിവെള്ള ക്ഷാമവും പരിസര ശുചിത്വമില്ലായ്മയും ചികത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് ഈ പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ.

നിർദ്ദേശങ്ങൾ

1. ശുദ്ധമായ കുടിവെള്ളം ആണ്ടിൽ 12 മാസം ലഭ്യമാകാതിരിക്കുന്ന അവസ്ഥ മാറ്റുക.

2. രോഗചികത്സക്കുവേണ്ട സംവിധാനക്കുറവ് പരിഹരിക്കുക.

3. മഴക്കാലത്തിന് മുമ്പും പിമ്പും കിണറുകൾ ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. ചിക്കൻപോക്സ്, മുണ്ടിനീര് ഇവയ്ക്കെതിരെ പ്രതിരോധ പ്രവർത്തനം നടത്തുക.

5. ആസ്മ, പ്രമേഹം,രക്തസമ്മർദ്ദം, ഹൃദ്രോഗം, വായിലെ അർബുദം എന്നിവ ആരംഭത്തിൽതന്നെ കണ്ടെത്തി ചികത്സ നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

6. മാർക്കറ്റ്, സ്കൂളുകൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിലെ ചപ്പുചവറുകളും മാലിന്യങ്ങളും യഥാസമയം നീക്കം ചെയ്യുന്നതിനുവേണ്ടി സ്ഥിര സംവിധാനം ഉണ്ടാക്കുക.

ഗ്രാമസഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ

1. എല്ലാ പഞ്ചായത്തു കിണറുകളും ഉപയോഗ യോഗ്യമാക്കുക.

2. മലിനജലം കെട്ടിക്കിടക്കുന്ന ഭാഗങ്ങൾ വൃത്തിയായി ശുചീകരിക്കുക.

3. എരുമക്കുഴി, ആദിക്കാട്ടുകുളങ്ങര എന്നീ പബ്ലിക് മാർക്കറ്റുകളിലെ ചപ്പുചവറുകൾ നീക്കം ചെയ്യണം.

4. ചിറയിൽ കുളം കുടിവെള്ളത്തിനുവേണ്ടി ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുക.

5. ഒരു ആയൂർവ്വേദാശുപത്രി സ്ഥാപിക്കുക.

6. ആരോഗ്യ പരിപാലനത്തിന് ബോധവൽക്കരണം നടത്തുക.

7. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ നീരുറവകളുള്ള കുളങ്ങളിൽ പമ്പ് സ്ഥാപിച്ച് പൈപ്പുലൈൻ വഴി ജല വിതരണം നടത്തി കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്.

8. ഓരോ പുരുഷൻ-സ്ത്രീ ഹെൽത്ത് വർക്കർമാർ മാസത്തിലൊരിക്കൽ വീടുകളിലെത്തുകയും അംഗങ്ങളുടെ പ്രഷർ, ഷുഗർ, ശരീരത്തിലെ അടയാളം എന്നിവ പരിശോധിക്കുന്നതിനും ഇവ കാര്യക്ഷമമായി നടപ്പാക്കുന്നതിനും സംവിധാനം ഉണ്ടാക്കണം.

9. പാരമ്പര്യ സ്രോതസ്സുകൾ (കാവുകളോടും മറ്റും ചേർന്ന കുളങ്ങളുൾപ്പെടെ) നിലനിർത്തുകയും ഉപയോഗയോഗ്യമാക്കുകയും ചെയ്യുക.

അദ്ധ്യായം 6
പൊതുമരാമത്ത്

എതൊരു പ്രദേശത്തിന്റെയും വികസനം ആ പ്രദേശത്തിന്റെ ഗതാഗത സൗകര്യവുമായി ബന്ധപ്പെട്ടിരിക്കുന്നത് .ഈ പഞ്ചായത്തിൽ റോഡുകളുടെ ഒരു ശൃഖല തന്നെയുണ്ട്. പ്രശസ്തവും പുരാതനവുമായ കായംകുളം പുനലൂർ വഴി ചെങ്കോട്ട റോഡ്, ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു.

പ്രശ്നങ്ങൾ
പാലമേൽ പഞ്ചായത്തിലെ റോഡുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

1. റോഡുകളുടെ വശങ്ങളിൽ ഓട ഇല്ലാത്തതിനാൽ മഴക്കാലത്ത് ഗതാഗതം താറുമാറാകുന്നു.
2. ഇടുങ്ങിയ കൊടും വളവുകൾ അപകടങ്ങളെ വിളിച്ചു വരുത്തുന്നു.
3. ടാർ റോഡുകളുടെ ഇരുവശങ്ങളിലുള്ള മണ്ണൊലിച്ചുപോകുന്നതിനാൽ വഴിയാത്രക്കാർക്കും അപകടസാദ്ധ്യതയുണ്ടാകുന്നു.
4. റോഡുകളുടെ വശങ്ങളിലെ വൈദ്യുതി-ടെലഫോൺ പോസ്റ്റുകൾ അപകടസാദ്ധ്യതഉണ്ടാക്കുന്നു.

അദ്ധ്യായം 7
സാമൂഹ്യക്ഷേമം

നവോത്ഥാന പ്രസ്ഥാനങ്ങളുടെയും,പുരോഗമന പ്രസ്ഥാനങ്ങളുടെയും, ആവിർഭാവവും, വളർച്ചയും, പോരാട്ടങ്ങളും കേരളത്തിലങ്ങോളമിങ്ങോളം ഉണ്ടായതിന്റെ ഭാഗമായി, പഞ്ചായത്തിലും ,വലിയ മാറ്റങ്ങൾ ഉണ്ടാക്കുവാൻ ഇടവരുത്തിയിട്ടുണ്ട്. ഇതിന്റെ എല്ലാം ഫലമായി പിന്നോക്ക പട്ടികജാതി വിഭാഗങ്ങൾക്ക് സാമൂഹ്യമായും, സാമ്പത്തികമായും ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസപരമായിട്ടുണ്ടായിട്ടുള്ള നേട്ടങ്ങളും എടുത്തുപറയാവുന്നതാണ്. പഞ്ചായത്തിന്റെ എല്ലാവാർഡുകളിൽ നിന്നും നിരവധി ചെറുപ്പക്കാരും, യുവതികളും,ഗൾഫുരാജ്യങ്ങളിലും മറ്റും തൊഴിൽ തേടിപ്പോകാൻ തുടങ്ങി. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി.തൽഫലമായി ഭവന നിർമ്മാണ രംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെയുണ്ടായി. സർക്കാർ സർവ്വീസുകളിൽ നിരവധി ആളുകൾ പഞ്ചായത്തിൽ ജീവനക്കാരായിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ഇന്ന് കുടിലുകൾ കാണാനില്ല. സർക്കാരിന്റെ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികജാതി വികസന കോർപ്പറേഷൻ വഴി ലോൺ എടുത്തും, പട്ടികജാതി വികസന വകുപ്പ്, വികസന ബ്ലോക്ക്, പഞ്ചായത്ത് തുടങ്ങിയുള്ള സ്ഥാപനങ്ങളിൽ നിന്നും, എല്ലാ വാർഡുകളിലും ഒട്ടനവധി വീടുകൾ നിർമ്മിച്ചു നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും പഞ്ചായത്തിൽ വാസനയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്.

നിലവിലുള്ള എല്ലാ ക്ഷേമ പദ്ധതികളുടെയും വ്യാപ്തിയും പ്രവർത്തിയും വർദ്ധിപ്പിക്കണം. ധനസഹായം ലഭിക്കുന്നവരെല്ലാം അർഹരാണെങ്കിലും, നല്ലൊരുഭാഗം അപേക്ഷകർക്ക് സഹായം ലഭിക്കുവാനുണ്ട്.

സാധ്യതകൾ
1. വിവിധ സാമൂഹികക്ഷേമ പദ്ധതികളെകുറിച്ച് ബോധവത്ക്കരണം നടത്തണം.
2. അംഗനവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
3. സാമൂഹ്യക്ഷേമ രംഗത്തെ എല്ലാപ്രവർത്തനങ്ങളും കാലാകാലങ്ങളിൽ മോണിറ്റർ ചെയ്യ-
   ണം.
4. സ്വയം തൊഴിൽ കണ്ടെത്താൻ അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കണം.
5. അർഹതപ്പെട്ട പെൻഷനുകൾ അവശ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നതിന് ഉറപ്പുവരുത്തു-
വാനുള്ള സംവിധാനം ഉ- ാക്കണം.
6. സമ്പൂർണ്ണ മദ്യനിരോധനം ഉറപ്പുവരുത്തണം.

അദ്ധ്യായം 8

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

പൊതുരംഗത്ത് സത്രീ കൂടുതലായി പ്രവർത്തിക്കുന്നതിന് കാരണം പ്രധാനമായി പുരുഷമേധാവിത്വമാണ്. വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ പിന്നോക്കാവസ്ഥയും, സാമ്പത്തികപിന്നോക്കാവസ്ഥയുമാണ്. ആശുപത്രികളിൽ വരുന്ന രോഗികളിൽ കൂടുതലും സത്രീകളാണ്. പുരുഷൻമാരുടെ മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന സത്രികൾ എകദേശം 30 ശതമാനത്തോളം വരും.

ചാരായ നിരോധം അതിന്റെ അർത്ഥത്തിൽ പ്രാബല്യമാക്കിയാൽ നല്ലതാണ്.ജനപങ്കാളിത്തത്തോടുകൂടി ഓരോഭാഗത്തും അനധികൃതമദ്യം പിടിക്കുന്നതിന് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിക്കണം.സ്ത്രീധനത്തിന്റെ പേരിൽ പീഡനം അനുഭനിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാക്കുകയും, വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് ഉദ്യോഗ സംവരണം എർപ്പെടുത്തുകയും വേണം. അങ്ങനെ വരുമാന വർദ്ധനവുണ്ടായാൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം.സ്ത്രീകളോടും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളോടും അതിക്രമം നടക്കുന്നുണ്ട്. ഇത് തടയുന്നതിന്വേണ്ടി വനിതാസംഘടനകളും, സാമൂഹ്യസംഘടനകളും, രാഷ്ട്രീയ പാർട്ടികളും രംഗത്ത് ഇറങ്ങുകയും സ്ത്രീകളെ ബോധവൽക്കരിക്കുകയും കുറ്റക്കാരെ രക്ഷിക്കാതെ തക്കശിക്ഷ കൊടുക്കുന്നതിന് നടപടി ഉണ്ടാകുന്നതിന് സർക്കാർ ഭാഗത്തുനിന്ന് എല്ലാവിധ സഹായ സഹകരമങ്ങളും ഉണ്ടാവണം.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം വർദ്ധിപ്പിക്കുക സ്ത്രീകൾക്ക് അനുവദിക്കുന്ന വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുക, സബ്സിഡികൂട്ടുക, ജാമ്യവ്യവസ്ഥകൾക്ക് ഇളവ് വരുത്തുക, വികലാംഗരായ സ്ത്രീകൾക്കും, അഗതികളായ സ്ത്രീകൾക്കും ധനസഹായം അനുവദിക്കുക. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേകപരിഗണന കൊടുക്കുക .സ്ത്രീകൾക്ക് നേതൃത്വ പരീശീലന ക്യാമ്പുകൾ നടത്തുക

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പട്ടികജാതിയിൽ പെട്ടവർ താമസിച്ചു വരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെയും, പുരോഗമന പ്രസ്ഥാനങ്ങളുടെയും ആവീർഭാവവും അവയുടെ പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിലും ആരംഭിച്ചതോടെ ഈ വിഭാഗങ്ങളുടെ സാമഹ്യമായ പുരോഗതിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സമൂഹ്യമായും സാമ്പത്തികമായും ഇന്നും വളരെ പിന്നോക്കാവസ്ഥയിലാണ്.

2010 ലെ കണക്ക് പ്രകാരം പട്ടികജാതി ജനസംഖ്യ നമ്മുടെ പഞ്ചായത്തിൽ 3856 ആണ്. അതിൽ സ്ത്രീകൾ 1998 ആകുന്നു.

പരമ്പരാഗതമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ടായിരുന്നെങ്കിലും ഇന്ന് ആരും ആ മേഖലയിൽ കാണുന്നില്ല. ഇവർക്കിടയിൽ പ്രായമായിട്ടുള്ള നിരീക്ഷകർ ഇപ്പോഴും ഉണ്ട്. പഞ്ചായത്തിൽ ഒട്ടേറെ കുടുംബങ്ങൾ ഇന്നും വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരായിട്ടുണ്ട്. സാമൂഹ്യ പദവിയിൽ കുറെ പുരോഗതി വന്നിട്ടുണ്ടെങ്കിലും ഇതര വിഭാഗങ്ങളോടു താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നോക്കമാണ്.

പഞ്ചായത്തിലെ പട്ടിക ജാതിയിൽപ്പെട്ട ഭൂരിപക്ഷം ആളുകൾക്കും സ്വന്തമായി ഭൂമിയുള്ളവരാണെങ്കിലും സ്ഥിരവരുമാനക്കാർ കുറവാണ്.

1. കോളനിയിലെ അസൗകര്യങ്ങൾ കോളനികളിൽ താമസിക്കുന്നവരുടെ അടിസ്ഥാന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. തുണ്ടു ഭൂമിയിൽ ഇടതിങ്ങി കഴിയുന്ന ഇവരുടെ ശുചിത്വ പരിപാലന സൗകര്യങ്ങൾ ഖേദകരമാണ്.

2.പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി ഒട്ടനവധി വീടുകൾ എല്ലാ വാർഡുകളിലും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ കുറെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ എത്തിച്ചു കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല.

3. തൊഴിൽ രംഗത്ത് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല.

സാധ്യതകൾ

1. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട ഔദ്യോഗിക തലത്തിലും ആഫീസ് തലത്തിലുമുള്ള കാലതാമസം ഒഴിവാക്കണം.

2. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തവും ശ്രമദാനവും ഉണ്ടാകണം.

3. കോളിനികളിലുള്ള എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കണം.

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രാചീന/നാടൻ കലാകാരന്മാർക്ക് പ്രോത്സാഹനവും പെൻഷനും നൽകണം.

5. പട്ടികജാതി വിഭാഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കണം.

6. കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

7. വീട്, കക്കൂസ് എന്നിവയ്ക്ക് അനുവദിക്കുന്ന തുക വളരെ കുറവാണ്. അത് വർദ്ധിപ്പിക്കുക.

8. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

9. സംവരണം ഉറപ്പ് വരുത്തുക.

അദ്ധ്യായം 9

പട്ടികജാതി വികസനം

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പട്ടികജാതിയിൽ പെട്ടവർ താമസിച്ചു വരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെയും, പുരോഗമന പ്രസ്ഥാനങ്ങളുടെയും ആവീർഭാവവും അവയുടെ പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിലും ആരംഭിച്ചതോടെ ഈ വിഭാഗങ്ങളുടെ സാമഹ്യമായ പുരോഗതിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സമൂഹ്യമായും സാമ്പത്തികമായും ഇന്നും വളരെ പിന്നോക്കാവസ്ഥയിലാണ്.

2010 ലെ കണക്ക് പ്രകാരം പട്ടികജാതി ജനസംഖ്യ നമ്മുടെ പഞ്ചായത്തിൽ 3856 ആണ്. അതിൽ സ്ത്രീകൾ 1998 ആകുന്നു.

പരമ്പരാഗതമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ടായിരുന്നെങ്കിലും ഇന്ന് ആരും ആ മേഖലയിൽ കാണുന്നില്ല. ഇവർക്കിടയിൽ പ്രായമായിട്ടുള്ള നിരീക്ഷകർ ഇപ്പോഴും ഉണ്ട്. പഞ്ചായത്തിൽ ഒട്ടേറെ കുടുംബങ്ങൾ ഇന്നും വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരായിട്ടുണ്ട്. സാമൂഹ്യ പദവിയിൽ കുറെ പുരോഗതി വന്നിട്ടുണ്ടെങ്കിലും ഇതര വിഭാഗങ്ങളോടു താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നോക്കമാണ്.

പഞ്ചായത്തിലെ പട്ടിക ജാതിയിൽപ്പെട്ട ഭൂരിപക്ഷം ആളുകൾക്കും സ്വന്തമായി ഭൂമിയുള്ളവരാണെങ്കിലും സ്ഥിരവരുമാനക്കാർ കുറവാണ്.

1. കോളനിയിലെ അസൗകര്യങ്ങൾ കോളനികളിൽ താമസിക്കുന്നവരുടെ അടിസ്ഥാന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. തുണ്ടു ഭൂമിയിൽ ഇടതിങ്ങി കഴിയുന്ന ഇവരുടെ ശുചിത്വ പരിപാലന സൗകര്യങ്ങൾ ഖേദകരമാണ്.

2.പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി ഒട്ടനവധി വീടുകൾ എല്ലാ വാർഡുകളിലും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ കുറെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ എത്തിച്ചു കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല.

3. തൊഴിൽ രംഗത്ത് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല.

സാധ്യതകൾ

1. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട ഔദ്യോഗിക തലത്തിലും ആഫീല് തലത്തിലുമുള്ള കാലതാമസം ഒഴിവാക്കണം.

2. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തവും ശ്രമദാനവും ഉണ്ടാകണം.

3. കോളനികളിലുള്ള എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കണം.

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രാചീന/നാടൻ കലാകാര•ാർക്ക് പ്രോത്സാഹനവും പെൻഷനും നൽകണം.

5. പട്ടികജാതി വിഭാഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കണം.

6. കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

7. വീട്, കക്കൂസ് എന്നിവയ്ക്ക് അനുവദിക്കുന്ന തുക വളരെ കുറവാണ്. അത് വർദ്ധിപ്പിക്കുക.

8. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

9. സംവരണം ഉറപ്പ് വരുത്തുക.

അദ്ധ്യായം 10

<u>ദാരിദ്ര്യ ലഘൂകരണം</u>

മുൻകാലങ്ങളിൽ ഭക്ഷ്യ വസ്തുക്കളുടെ ദൗർലഭ്യം മാത്രമാണ് ദാരിദ്ര്യമായി കരുതിയതെങ്കിൽ ഇന്ന് വാസയോഗ്യമായ വീട്, കക്കൂസ്, ശുചിത്വ സൗകര്യങ്ങൾ എന്നിവയുടെ ഒക്കെ അഭാവം ദാരിദ്ര്യത്തിന്റെ ഭാഗമായി കണക്കാക്കുന്നു. അപ്രകാരം നോക്കുമ്പോൾ നമ്മുടെ പ്രദേശത്തെ ഒട്ടേറെ കുടുംബങ്ങൾ ദാരിദ്ര്യം അനുഭവിക്കുന്നവരാണെന്ന് കാണാം. കഴിഞ്ഞ കാലങ്ങളിലുണ്ടായ സാമൂഹ്യ സാമ്പത്തിക പുരോഗതിയുടെ ഭാഗമായി പട്ടിണി ഏതാണ്ട് പൂർണ്ണമായും നമ്മുടെ നാട്ടിൽ നിന്നും അപ്രത്യക്ഷമായിട്ടുണ്ട്. എന്നാൽ വാസയോഗ്യമായ വീട് ഇല്ലാത്തവരും, ശുചിത്വമുള്ള കക്കൂസ് ഇല്ലാത്തവരും, ശുദ്ധജലം ലഭിക്കാത്തവരും ആരോഗ്യ സേവന സൗകര്യങ്ങൾ ലഭ്യമല്ലാത്തവരുമായി ഒട്ടേറെ പേരുണ്ട്.

ദാരിദ്ര്യ ലഘൂകരണ രംഗത്തെ പ്രശ്നങ്ങൾ

1. വാസയോഗ്യമായ വീടില്ലാത്ത നൂറ് കണക്കിന് കുടുംബങ്ങൾ അവശേഷിക്കുന്നു.

2. അടിയന്തിര അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഒട്ടേറെ കുടുംബങ്ങൾ

3. ശുദ്ധജലം ലഭ്യമല്ലാത്ത കുടുംബങ്ങൾ

4. പരസഹായം ആവശ്യമുള്ള കിടപ്പു രോഗികളുടെ ആധിക്യം.

5. ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ മറ്റുള്ളവരുടെ സഹായം വേണ്ടവർ.

<u>നിർദ്ദേശിക്കപ്പെട്ട പരിഹാരങ്ങൾ</u>

1. വാസയോഗ്യമായ വീടില്ലാത്ത മുഴുവൻ പേർക്കും സമയബന്ധിതമായി വീട് നൽകുക.

2. വീടുകൾക്ക് അറ്റകുറ്റപ്പണി ആവശ്യമായ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും സഹായം നൽകുക.

3. സൂക്ഷ്മ ജലവിതരണ പദ്ധതികളുടെ ശൃംഖല സ്ഥാപിക്കുക.

4. കിടപ്പ് രോഗികൾക്ക് സ്ഥിരമായ പിന്തുണ സംവിധാനം ഏർപ്പെടുത്തുക.

5. ഭക്ഷണം പാകം ചെയ്യുവാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് അംഗൻവാടികളിലൂടെ ഭക്ഷണമെത്തിക്കുക.

അദ്ധ്യായം 11

ജനസേവനം കാര്യക്ഷമമാക്കൽ

സേവനം ലഭിക്കേണ്ടത് ജനങ്ങളുടെ ആവശ്യമായിരുന്നത്. ഇന്ന് ജനങ്ങളുടെ അവകാശമായി മാറിയിരിക്കുന്നു. സേവനാവകാശ നിയമം നിലവിൽ വന്നതോടുകൂടി സമയ ബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ബാധ്യതതയായി മാറിയിരിക്കുന്നു. ജനനം, മരണം, വിവാഹം, കെട്ടിട നിർമ്മാണം മുതലായി നിത്യജീവിതവുമായി ബന്ധപ്പെട്ട് ഒട്ടേറെ ആവശ്യങ്ങൾക്ക് പൊതുജനങ്ങൾ നിത്യേന സമീപിക്കുന്ന സ്ഥാപനമാണ് ഗ്രാമപഞ്ചായത്ത്. സേവന വിതരണത്തിലും വിവരം സൂക്ഷിപ്പിലും വളരെ പരിതാപകരമായ അവസ്ഥയാണുള്ളത്. സേവന വിതരണം കാര്യക്ഷമമാക്കുവാൻ വേണ്ടി കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ച് ഒരു ദശകം കഴിഞ്ഞിട്ടും പൂർണ്ണമാക്കുവാൻ കഴിഞ്ഞിട്ടില്ല.

നിർദ്ദേശങ്ങൾ

1. എല്ലാ സേവനങ്ങളും സമയബന്ധിതമായി ലഭ്യമാക്കണം.
2. പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം സാധ്യമാക്കണം.
3. രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കണം
4. പഞ്ചായത്താഫീസിലെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കണം.
5. പഞ്ചായത്തിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കണം.
6. പൊതു ജനങ്ങളോടുള്ള പെരുമാറ്റത്തിൽ ഗുണപരമായ മാറ്റം വരുത്തണം.
7. ഗ്രമസഭാ യോഗങ്ങൾ കാര്യക്ഷമമാക്കണം.
8. പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കണം.
9. പഞ്ചായത്തിന്റെ വെബ്സൈറ്റ് കാലികമാക്കുകയും ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തുകയും വേണം.